**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**08 September 2017 / 16 Dhul Hijja 1438 Hijira)**

## SURA AL-MA'UN (CH.107)
## / അയൽവാസികളുടെ ആവശ്യങ്ങൾ/സാമാന്യദയ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **അയൽവാസികളുടെ ആവശ്യങ്ങൾ/സാമാന്യദയ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

1. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ
2. വിധി (വരുന്നതിനെ) നിഷേധിക്കുന്നവനെ നീ കണ്ടുവോ ?
3. അനാഥരോട് (പരുഷമായി) പെരുമാറുന്നവനത്രെ അവൻ
4. സാധുക്കൾക്ക് ഭക്ഷണം കൊടുക്കുവാൻ പ്രേരിപ്പിക്കാത്തവനാണവൻ
5. നമസ്ക്കാരക്കാർക്ക് നാശം !
6. അവർ അവരുടെ നമസ്ക്കാരത്തിൽ ശ്രദ്ധയുള്ളവരല്ല.
7. അവരെല്ലാവരും കാണിക്കുന്നവർ മാത്രമാണ് (അതായത് അവർ പ്രാർത്ഥിക്കുന്നു. നല്ല പ്രവർത്തികൾ ചെയ്യുന്നു. ജനങ്ങളെ കാണിക്കുന്നതിനായി)
8. അയൽവാസിയുടെ ആവശ്യങ്ങൾക്കു പോലും (കൊടുക്കുന്നതിനെ) തടയുന്നവരാണവർ

ഈ അധ്യായം അല്ലാഹുവിനോട് പ്രാർത്ഥിക്കുന്ന യഥാർത്ഥ വഴിയും

അർത്ഥവും പ്രതിപാദിക്കുന്നു. നാം പ്രാർത്ഥിക്കുമ്പോൾ ഒരുറച്ച മനോഭാവവും ശ്രദ്ധയും അക്കാര്യത്തിൽ നമുക്കുണ്ടായിരിക്കണം. മറ്റുള്ളവരെ സഹായിക്കുന്ന കാര്യത്തിൽ ആത്മാർത്ഥമായ ഒരു ഇച്ഛാശക്തിയും പ്രായോഗിക മനസ്സും നമുക്കുണ്ടായിരിക്കണം. ഇക്കാര്യത്തിൽ സമ്പൂർണ്ണമായ ആത്മാർത്ഥത ഉണ്ടായിരിക്കണം. പരുഷമായ മാനസിക നിലയാവരുത്. തങ്ങൾ ചെയ്യുന്ന നല്ല പ്രവർത്തികൾ മററുളളവർ പറയുവാനും പ്രശംസിക്കുവാനും വേണ്ടിയാകരുത്. ചുരുക്കത്തിൽ ജീവകാരുണ്യ പ്രവർത്തനം ഒരു പ്രകടനമാകരുത് എന്ന് സാരം. എല്ലാ ഭക്തി പ്രകടനങ്ങളും ആരാധനാ പ്രവർത്തികളും, ആത്മാർത്ഥതയോടെ, ഹൃദയംഗമമായി, നിസ്വാർത്ഥമായി ചെയ്തില്ലെങ്കിൽ, വൃഥാവിലായി പോകുന്നതാണ് എന്ന് സാരം ! നമ്മുടെ പ്രാർത്ഥന ആത്മാർത്ഥമായി നിറവേറ്റണ്ടതാണ് ; മനസ്സിലാക്കി ചെയ്യേണ്ടതാണ്; ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ടതാണ്.

വചനം 2,3 : വിധി (വരുന്നതിനെ) നിഷേധിക്കുന്നവനെ നീ കണ്ടുവോ ? അനാഥരോട് (പരുഷമായി) പെരുമാറുന്നവനത്രെ അവൻ

## ഇവിടെ ദീൻ എന്ന വാക്കിന്റെ അർത്ഥം

1. വിധി ദിനം, മനുഷ്യൻ ചെയ്തു കൂട്ടിയ എല്ലാ പ്രവർത്തനങ്ങളുടെയും അതായത് ധാർമ്മിക, ആത്മീയ ലോകങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടി വരും.
2. വിശ്വാസപരമായതും, മതപരമായതും, നന്മയുടെയും തിന്മയുടെയും തത്വങ്ങൾ ഉൾക്കൊളളുന്നതുമായ കാര്യങ്ങൾ, അവ താനെന്ന ഭാവത്തിന്റെ പ്രതികരണങ്ങളാകാം, (ജനങ്ങളോട്) വ്യക്തിപരമായ മുൻഗണനവെച്ച് ചെയ്തതാകാം, ഇവയ്ക്കൊക്കെ സമാധാനം ബോധിപ്പിക്കേണ്ടി വരും.

മതനിഷേധികൾ അല്ലെങ്കിൽ ദുർബലരായവരെ ആക്ഷേപരീതിയിൽ നേരിടുന്നവർ, അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടി വരുന്നതാണ്.

അവർ തൻപോരിമയിലും ക്രൂരതയിലും തങ്ങളുടെ ജീവിതം നയിക്കുന്നവരാണ്. അല്ലാഹു(ത) നമ്മെ എല്ലാവരേയും സ്നേഹിക്കുന്നു. പിന്നെന്തിനാണ് നാം ദുർബലരെയും പാപപ്പെട്ടവരേയും ആക്ഷേപിക്കുന്നത് ?

## വചനം 4 :

## സാധുക്കൾക്ക് ഭക്ഷണം കൊടുക്കുവാൻ പ്രേരിപ്പിക്കാത്തവനാണവൻ

സാധുജന സംരക്ഷണവാസന നിങ്ങൾക്കാവശ്യമുണ്ട്. അതായത് നിങ്ങളെ പോലുള്ള മനുഷ്യസഹോദരങ്ങളോട് നിങ്ങൾക്ക് സ്നേഹവായ്പുണ്ടാകണം. മറ്റുള്ളവരോട് ദീനാനുകമ്പയും സ്നേഹവും ഭക്ഷണം കൊടുക്കുന്നതിനായുള്ള നിസ്വാർത്ഥമായ പ്രവർത്തനവും നന്മയുടെ വഴികളാണ്, അത് മഹത്വരവുമാണ്. ഇത്തരം സ്നേഹവായ്പുകൾ ഇല്ലാത്തവർ, ജനങ്ങളുടെ ബുദ്ധുമുട്ടുകളിൽ ഒരു അനുകമ്പയും ഇല്ലാത്തവരായി തീരുന്നു, മറ്റുള്ളവരെ ഇത്തരം പ്രവർത്തികൾ ചെയ്യുന്നതിൽ നിന്ന് തടയുകയും ചെയ്യുന്നു.

## വചനം 5,6 :

## നമസ്ക്കാരക്കാർക്ക് നാശം ; അവർ അവരുടെ നമസ്ക്കാരത്തിൽ ശ്രദ്ധയുള്ളവരല്ല

നമസ്ക്കാരം നിർവ്വഹിക്കുക എന്നത് മാത്രം അല്ലാഹുവിനെ ആരാധിക്കുകയും അല്ലാഹുവിനു വേണ്ടി സേവനം ചെയ്യുകയും ചെയ്യുന്ന യഥാർത്ഥമായ ഒരേ ഒരു വഴിയല്ല. അവന്റെ പ്രാർത്ഥനയിൽ അവന്റെ മുഴു ഹൃദയവും, മനസ്സും, ബോധമണ്ഡലവും, സർവ്വാത്മനാ പങ്കുകൊള്ളേണ്ടതാണ്. അല്ലാഹുവിന്റെ സാന്നിധ്യം നമ്മുടെ മുൻപിലുണ്ട് എന്ന് നാം തിരിച്ചറിയണം. അവന്റെ ഇച്ഛ എന്താണ് എന്ന് നാം മനസ്സിലാക്കണം നിത്യജീവിതത്തിൽ നാം അത് പ്രവർത്തിപഥത്തിൽ കൊണ്ടു വരണം.

## വചനം 7

അവരെല്ലാവരും കാണിക്കുന്നവർ മാത്രമാണ്. (ജനങ്ങളെ കാണിക്കുന്നതിനായി പ്രാർത്ഥിക്കുന്നു ; നല്ല പ്രവർത്തികൾ ചെയ്യുന്നു)

വിശുദ്ധഖുർആനിലെ 4-ാം അധ്യായം 143-ാം വചനവുമായി ഈ വചനത്തെ നമുക്ക് താരതമ്യപ്പെടുത്തി നോക്കാം. അവർ കപടവിശ്വാസികൾ നമസ്ക്കാരത്തിന് നില്ക്കുമ്പോൾ അലസരായിട്ടാണ് അവർ നില്ക്കുക. അവർ ജനങ്ങളെ കാണിക്കുന്നു ; അല്പമായിട്ടല്ലാതെ അവർ അല്ലാഹുവിനെ സ്മരിക്കുന്നുമില്ല.

നമ്മുടെ പ്രാർത്ഥനയുടെ മൂല്യം നിശ്ചയിക്കുന്നത് ജനങ്ങൾ ശ്രദ്ധിക്കുന്നതുകൊണ്ടോ വീക്ഷിക്കുന്നതുകൊണ്ടോ അല്ല എന്ന് നാം തിരിച്ചറിയണം. (ഇത്തരം പ്രകടനങ്ങൾ നാം ഒരിക്കലും നടത്തരുത്) അല്ലാഹു (ത) നമ്മെ നോക്കി കൊണ്ടിരിക്കുകയാണ്. അല്ലാഹു (ത) നമ്മെ ശ്രദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അവൻ എല്ലാം കേട്ടുകൊണ്ടിരിക്കുകയാണ്. നാം വിനയപൂർവ്വം സാഷ്ടാംഗ പ്രണാമം നടത്തി അവനോട് ആവശ്യപ്പെടേണ്ടതാണ്. ! നാം അവനെ ആത്മാർത്ഥമായി ഓർക്കുകയാണെങ്കിൽ, തീർച്ചയായും അവനും നമ്മളെ ഓർക്കുന്നതാണ്. നാം കപട വിശ്വാസികളല്ല (നാം ഒരിക്കലും കപട വിശ്വാസി ആകരുത്) നാം ഒരു നന്മ ചെയ്യുമ്പോൾ, ആരാധന നടത്തുമ്പോൾ നമ്മുടെ മനസ്സ് മറ്റെങ്ങോ ആയിരിക്കരുത്; അവനിൽ തന്നെ കേന്ദ്രീകരിച്ചിരിക്കണം.

## വചനം 8 :

അയൽവാസിയുടെ ആവശ്യങ്ങൾക്കു പോലും കൊടുക്കുന്നതിനെ തടയുന്നവരാണവർ

കപടവിശ്വാസികൾ മറ്റുള്ളവരെ ധാരാളം കാണിക്കുവാൻ താത്പര്യപ്പെടുന്നവരാണ്. അവർ ചെയ്ത നല്ല പ്രവർത്തികൾ പ്രദർശിപ്പിക്കുവാൻ അവർ താത്പര്യപ്പെടുന്നു. ദീനാനുകമ്പയോടും ഭക്തിയോടും കൂടിയാണ്

ചെയ്യുന്നതെന്ന് വരുത്തി തീർക്കുന്നു. ഈ പ്രവർത്തികൾ യഥാർത്ഥത്തിൽ വ്യർത്ഥങ്ങളാണ്. അവരെ ഒരു പരീക്ഷണത്തിൽ അകപ്പെടുത്തിയാൽ, തന്റെ സഹ മനുഷ്യസഹോദരങ്ങൾക്ക് കരുണാപൂർവ്വം നല്ലതു ചെയ്യുവാൻ ആവശ്യപ്പെട്ടാൽ, ജീവിതത്തിൽ വിനയത്തോടെയും, നന്മയോടെയും പ്രവർത്തിക്കുക എന്നു പറഞ്ഞാൽ, ഇത്തരം സന്ദർഭത്തിൽ, ഇത്തരം പരീഷണങ്ങളിൽ അവർ ദയനീയമായി പരാജയപ്പെടുന്നതാണ്.

വിശുദ്ധഖുർആനിലെ 2-ാം അധ്യായം 265,266 വചനങ്ങൾ താരതമ്യം ചെയ്തു നോക്കുക.

വിശ്വസിച്ചവരെ ! ചെയ്ത ഉപകാരങ്ങൾ എടുത്തു പറഞ്ഞും ഉപദ്രവവാക്കുകൾ പറഞ്ഞും നിങ്ങളുടെ ദാനധർമ്മങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത്. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതെ ജനങ്ങളെ കാണിക്കാനായി തന്റെ ധനം ചെലവു ചെയ്യുന്നവനെപ്പോലെ ! അവന്റെ സ്ഥിതി ഉറച്ചു മിനുത്ത ഒരു പാറയുടെ സ്ഥിതി പോലെയാണ്. അതിൻ മേൽ മണ്ണുണ്ടായിരുന്നു. പിന്നീട് അതിനെ ഒരു പേമാരി ബാധിച്ചു. അങ്ങനെ അത് അതിനെ കഴുകി ഒരു മിനുത്ത പാറയാക്കി വിട്ടു. അവർ സമ്പാദിച്ചതിൽ നിന്ന് അവർക്ക് യാതൊന്നും കരസ്ഥമാക്കാനാവില്ല (ഇത്തരം നിഷേധികളെ) അല്ലാഹു വിജയമാർഗത്തിലേക്ക് നയിക്കുന്നതുമല്ല (2:265)

അല്ലാഹുവിന്റെ തൃപ്തികാംക്ഷിച്ചും തങ്ങളുടെ ആത്മാക്കളെ ദൃഢപ്പെടുത്തിയും കൊണ്ട് തങ്ങളുടെ ധനം ചെലവു ചെയ്യുന്നവരുടെ നില പീഠഭൂമിയിലുള്ള ഒരു തോട്ടത്തിന്റേതു പോലെയാണ്. അതിന് കനത്ത മഴ കിട്ടി. അങ്ങനെ അത് അതിന്റെ ഫലം ഇരട്ടിയായി നല്കി. ഇനി അതിന് സമൃദ്ധമായ മഴ ലഭിച്ചില്ലെങ്കിൽ (തന്നെയും) ലഘുവായ മഴയായാലും (അതിനു മതിയാവും) അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് നല്ലപോലെ കണ്ടുകൊണ്ടിരിക്കുന്നവനാണ് (2 : 266)

അങ്ങനെ നിങ്ങൾ നോക്കു ! അല്ലാഹു എങ്ങനെയാണ് മതത്തിലും നിത്യ ജീവിതത്തിലും കപടതയെ ആക്ഷേപിക്കുന്നതെന്ന്? നല്ല ഉദ്ദേശ്യത്തോടെ നല്ല പ്രവർത്തികൾ ചെയ്യുക. അത് പൂർത്തീകരിക്കുക. ഹൃദയത്തിൽ അല്ലാഹുവിനെ ഭയന്നു കൊണ്ടായിരിക്കണം അതു നിർവ്വഹിക്കേണ്ടത്. പ്രവർത്തികൾ മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടി മാത്രമാണെങ്കിൽ, ഈ പ്രവർത്തിയിലൂടെ പ്രസ്തുത വ്യക്തിക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നതല്ല. മറിച്ച്, പ്രസ്തുത വ്യക്തിയുടെ എല്ലാ പ്രവർത്തനവും അല്ലാഹുവിന്റെ മുൻപിൽ നഷ്ടത്തിൽ കലാശിക്കുന്നതാണ്. (യാതൊരു പ്രയോജനവുമില്ലാതെ പോകുന്നു)

അവന് തൃപ്തിവരുന്ന നല്ല പ്രവർത്തികൾ നല്ല ഉദ്ദേശത്തോടെ ചെയ്യുവാൻ അല്ലാഹു (ത) നമ്മെ സഹായിക്കട്ടെ ! നമ്മുടെ അയൽവാസികൾക്കും നമ്മുടെ രാജ്യത്തിലെ എല്ലാ പൗരന്മാർക്കും നന്മ ചെയ്യുവാനും സഹായിക്കുവാനും അവൻ നമ്മെ പ്രാപ്തമാക്കട്ടെ ! ഇത്തരം ആരാധനകളിലൂടെ, അല്ലാഹുമായി സാമീപ്യം പ്രാപിക്കുവാൻ കഴിയും, മാനവകുലത്തെ ഏകദൈവാരാധനയിലേക്ക് നയിക്കുവാനും സാധിക്കും. ഏക ദൈവത്തിലേക്കുള്ള ക്ഷണം ദൈവ പ്രീതികാംക്ഷിച്ചു മാത്രം ചെയ്യുന്ന പ്രവർത്തിയാണ്, മറ്റു യാതൊരു വിധ മോശമായ ഉദ്ദേശങ്ങളും അതിന്റെ പിന്നിലില്ല. അങ്ങനെ ആകുമ്പോൾ ദൈവം നമ്മിൽ സംപ്രീതനാകും, ഇഹലോകത്തും പരലോകത്തും ! ഇൻശാ അല്ലാഹ് ! ആമീൻ.

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**